## പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം : 1289** **12.07.2011-ൽ മറുപടിക്ക്.**

### ഹോംഗാർഡുകളുടെ സേവനവേതന വ്യവസ്ഥകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ജെയിംസ് മാത്യു | | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) കേരളത്തിൽ എത്ര ഹോംഗാർഡുകളാണ് നിലവിലുള്ളത് ; ഇവരുടെ നിയമനരീതി വിശദമാക്കാമോ ; | : | (എ) 2880 പേർ ; 35-നും 58-നും ഇടയിൽ പ്രായമുള്ളവരും എസ്.എസ്.എൽ.സി പാസ്സായവരും നല്ല ശാരീരിക ക്ഷമതയുള്ളവരും ആർമി, നേവി, ഫയർ ഫോഴ്സ്, ബി.എസ്.എഫ്., എൻ.എസ്.ജി., എസ്.എസ്.ബി., കേരളാ പോലീസ്, ജയിൽ, എക്സൈസ് എന്നീ വകുപ്പുകളിൽ നിന്ന് വിരമിച്ച സേനാംഗങ്ങളെയാണ് ഹോം ഗാർഡുകളുടെ നിയമനത്തിനായി പരിഗണിക്കുന്നത്. എസ്.എസ്.എൽ.സി പാസ്സായവരുടെ അഭാവത്തിൽ ഏഴാം ക്ലാസ്സ് പാസ്സായവരെയും പരിഗണിക്കുന്നതാണ്. ഓരോ ജില്ലയിലെയും പോലീസ് കമ്മീഷണർ/പോലീസ് സൂപ്രണ്ട് (ചെയർമാൻ) ജില്ലാ സൈനിക വെൽഫെയർ ഓഫീസർ ഓഫീസർ (മെമ്പർ) അസിസ്റ്റന്റ് ഡിവിഷണൽ ഓഫീസർ, ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് (കൺവീനർ) എന്നിവരടങ്ങിയ കമ്മിറ്റിയാണ് ഹോം ഗാർഡുകളെ തെരഞ്ഞെടുക്കുന്നത്. അതാത് അസിസ്റ്റന്റ് ഡിവിഷണൽ ഓഫീസർമാരാണ് ഹോം ഗാർഡുകളെ നിയമിക്കുന്നത്. |
| (ബി) ഇവർക്കു നൽകിവരുന്ന വേതനവും ജോലി സമയവും അറിയിക്കാമോ ; | : | (ബി) ഡ്യൂട്ടി നോക്കുന്ന ദിവസങ്ങളിൽ പ്രതിദിനം 250/- രൂപ. ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസിലും പോലീസ് സർവ്വീസിലും ആണ് ഹോം ഗാർഡുകളെ ഡ്യൂട്ടിയ്ക്ക് നിയോഗിച്ചിരിക്കുന്നത്. ടി വകുപ്പുകളിൽ ഒരു ദിവസത്തെ |

(മറുപുറം)

ഡ്യൂട്ടിയ്ക്കായി നിഷ്ക്കർഷിച്ചിട്ടുള്ള സമയമാണ് ഹോം ഗാർഡുകളുടെ ഒരു ദിവസത്തെ ഡ്യൂട്ടി സമയം.

(സി) ഇവരിൽ നിക്ഷിപ്തമായിട്ടുള്ള ജോലിയുടെ സ്വഭാവം വ്യക്തമാക്കാമോ ;

: (സി) താഴെപ്പറയുന്ന ജോലികൾ നോക്കുന്നതിനാണ് ഹോം ഗാർഡുകളെ നിയോഗിക്കുന്നത്:

1. ഫയർ ഫൈറ്റിംഗ് ആന്റ് റെസ്ക്യൂ ഓപ്പറേഷൻ
2. ട്രാഫിക് നിയന്ത്രണവും ക്രമീകരണവും
3. ആഘോഷ വേളകളിൽ ബന്തവസ് ഡ്യൂട്ടി
4. പൊതുപരിപാടികളിലെ ബന്തവസ് ഡ്യൂട്ടി
5. പ്രകൃതിദുരന്ത നിവാരണ പ്രവർത്തനം - സിവിൽ ഡിഫൻസ് പ്രവർത്തനം.
6. ഇലക്ഷൻ സമയത്ത് സ്പെഷ്യൽ പോലീസ് കോൺസ്റ്റബിൾ
7. സ്റ്റാറ്റിക് പ്രൊട്ടക്ഷൻ ഡ്യൂട്ടി
8. പട്രോൾ അസിസ്റ്റൻസ്
9. കമ്മ്യൂണിറ്റി പോലീസിംഗ്

(ഡി) ദിവസവേതനക്കാർക്കുള്ള വേതനം നിലവിൽ എത്രയാണ് ; അവസാനമായി ഇത് എന്നാണ് പുതുക്കി നിശ്ചയിച്ചിരിക്കുന്നത് ; ദിവസ വേതനക്കാരുടെ ആനുകൂല്യങ്ങൾ ഹോംഗാർഡുകാർക്കും ലഭ്യമാക്കുന്നുണ്ടോ ;

: (ഡി) ദിവസവേതനക്കാർക്ക് കാറ്റഗറി തിരിച്ചാണ് ദിവസവേതനം നിശ്ചയിച്ചിരിക്കുന്നത്. സർക്കാർ ഉത്തരവ് (പി) നമ്പർ:204/2011/ധനകാര്യം, തീയതി 20.05.2011 പ്രകാരം ദിവസക്കൂലി പുതുക്കി നിശ്ചയിച്ചിട്ടുണ്ട് ; ഇല്ല.

(ഇ) ഹോംഗാർഡുകളുടെ സേവനവേതനവ്യവസ്ഥ പരിശോധിച്ച് പരിഷ്കരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

: (ഇ) സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ

---